# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 243 — 02.04.2013 ൽ - മറുപടിക്ക്

## ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും ആനുകൂല്യം ലഭിക്കാത്തവർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>,, വി.ഡി. സതീശൻ :<br>,, ഡൊമിനിക് പ്രസന്റേഷൻ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ബിപി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും കേന്ദ്രം എ.പി.എൽ. ആയി കണക്കാക്കുന്ന കാർഡുടമകൾക്ക് ബി.പി.എൽ ആനുകൂല്യങ്ങൾ നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) | സംസ്ഥാന സർക്കാരിന്റെ 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും റേഷൻകാർഡ് ലഭിക്കാത്തവർക്ക് സ്പെഷ്യൽ വിഹിതമായി അരിയും ഗോതമ്പും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് കൂടുതൽ അരിയും ഭക്ഷ്യസാധനങ്ങളും വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുമോ; | (ബി) | കേന്ദ്ര സർക്കാരിൽ നിന്ന് അധികവിഹിതം ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ അരിയും ഭക്ഷ്യധാന്യങ്ങളും - വിതരണം ചെയ്യുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | എന്തെല്ലാം ഭക്ഷ്യസാധനങ്ങളാണ് ഇങ്ങനെ നൽകാൻ ലക്ഷ്യമിട്ടിട്ടുള്ളത്; | (സി) | കേന്ദ്രസർക്കാരിൽ നിന്ന് ലഭ്യമാകുന്ന ഭക്ഷ്യധാന്യങ്ങളാണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | 2009 ലെ ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ട, എന്നാൽ കാർഡ് ലഭിക്കാത്ത കുടുംബങ്ങൾക്കായി സ്ഥിരമായി ബി.പി.എൽ. നിരക്കിൽ അലോട്മെന്റ് ലഭ്യമാക്കാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ